


# മാളയുടെ മടിക്കുത്തിൽ



മറക്കാത്ത മലയാളച്ചിരി

5

■ ദിവാകരൻ

നാട്ടിൻപുറത്തെ കള്ളുഷാപ്പ്. ഓലകൊണ്ടു മറച്ച മുറിയിൽ ബഞ്ചിലിരിക്കുന്നത് മാള അരവിന്ദനും ശങ്കരാടിയും. ഇരുവരും ഫിറ്റാണ്. മേശപ്പുറത്ത് കള്ളുകുപ്പി, ഗ്ലാസുകൾ, എച്ചിൽപ്പാത്രങ്ങൾ.

ശങ്കരാടി നല്ല മൂഡിലാണ്. മൂപ്പർ സംസ്കൃതചിത്തനായി.

'മോഹം കഹൂ ബഹുകൃതം കുമജേ ഗുണോര്യാം
നഗ്നം ദിവം ച കരുണം തവപാദപത്മം...'

ഈ ശ്ലോകം ചൊല്ലിക്കഴിഞ്ഞ് മൂപ്പർ പാവം മാളയെ വെല്ലുവിളിച്ചു.

'കേട്ടല്ലോ. എന്നാ അർഥം പറയ്യ്'

'പറയാം'-മാള.

'എന്നാപ്പറയ്യ്'-ശങ്കരാടി.

'പറയാന്നേ'-മാള.

'നീപറയടാ'-ശങ്കരാടി.

'ഹയ്! പറയാന്നേ'-മാള.

'പറയെടാ... അറിയാങ്കി പറ'-ശങ്കരാടി.

'ഞാൻ പറയാന്നേ, ഇതെന്തൊരു പാട് ഹല്ല പിന്നെ'.

'നിനക്കറിയില്ല. അദന്നെ കാര്യം. എടാ നീയൊരു ശ്ലോകം ചൊല്ല്. മണിമണിപോലെ ഞാമ്പറഞ്ഞുതരാം അർഥം'-ശങ്കരാടി.

മാള ഒന്നു പരുങ്ങി. പിന്നെ ഉയർച്ചതാഴ്ചയുള്ള ശൈലിയിൽ, മുരടനക്കിത്തുടങ്ങി.


'പശ്ചാരേഡ്വജതകൃതോ സാധിപതി
കുത്രേഡ്വുജജാനർ ഗണേഡ്
രോരാഡ രുഡുരഡ രേഡുരുദ്ര
രദ്രവേ ഗദ്രാഡരം ഉദ്ഘോടങ്ക് നഗരാസ്ഥി...'

മാളയുടെ 'സംസ്കൃതം' കേട്ട് ശങ്കരാടി തരിച്ചുപോയി.

'ഇതിനർഥമോ? എന്ത് ശ്ലോകായിത്. പറ്റുവെങ്കി നീതന്നെ പറ'.

മാള നല്ല ഫോമിൽ അർഥം തുടങ്ങി.

'അതായത്, പാശ്ചാത്യനാടുകളിലെ സ്ത്രീകളുടെ



മാള അരവിന്ദൻ

**കാൽഡസൻ വളവും മുന്നോട്ടുന്തിയ വയറും ഉള്ള ശരീര സൗഷ്ഠവംകൊണ്ട് ഒരു മുതലാളിയുടെ വേഷം നന്നാക്കാൻ പാടാണ്. പക്ഷേ, മാള അതും ശരിയാക്കും. ഒരു ചായക്കടക്കാരനാവാൻ, ഭിക്ഷാംദേഹിയാവാൻ, നാട്ടുമ്പുറത്തെ വായനോക്കിയാവാൻ മാളയ്ക്ക് ആ കുപ്പായമൊന്നഴിച്ചാൽ മതി**



പിൻഭാഗത്തുകൂടി...'

തിയേറ്ററിൽ ചിരിയുടെ പൊടിപൂരം.

(എന്തിനോ പൂക്കുന്ന പൂക്കൾ)

****

(മുള്ളുപോലെ എഴുന്നുനിൽക്കുന്ന മുടി. ഉണ്ട മൂക്ക്. മീശയുണ്ടെങ്കിലും ഇല്ലേലും വിശേഷമില്ല. ഉണ്ടക്കണ്ണുകൾ, മെല്ലിച്ച കൈകാലുകൾ. ഗ്യാസ് നിറഞ്ഞുവീർത്തതാണെന്നു തോന്നിക്കുന്ന കുഞ്ഞിക്കുടവയർ. കഴുത്തിലൊരു ചരട്. തോർത്ത്–നിരവധി പടങ്ങളിൽ മാള അരവിന്ദനെ നമ്മൾ കണ്ടത് ഈ കോലത്തിലാണ്. ചിരിയുടെ താക്കോൽ, അരയിലുറയ്ക്കാത്ത ആ ലുങ്കിയുടെ മടിക്കുത്തിൽക്കാണും.

# ചിരിയുടെ താക്കോൽ

കൊച്ചിൻ മുഹമ്മദ് ഉസ്താദ് പറഞ്ഞുപഠിപ്പിച്ച പാഠങ്ങളും ഒരു തബലസെറ്റുമായി ജീവിതത്തിലേക്കിറങ്ങിയ മാള കോട്ടവാതിൽക്കാരൻ അരവിന്ദന് പ്രാരബ്ധവും പട്ടിണിയും പരിവട്ടവുമായിരുന്നു കൂട്ട്. പതിനെട്ടാം വയസ്സിൽ അഞ്ചുപൈസയുടെ ഗതിയില്ലാത്ത കാലത്ത് പന്ത്രണ്ടുകാരി അന്നക്കുട്ടിയുമായി വിവാഹം (സംഭവം പ്രണയമാണ്). ആരായാലും ഹാസ്യനടനായിപ്പോവുമെന്ന ചുറ്റുപാട്.

മാള തുടങ്ങിയത് നാടകത്തിലാണ്. അഭിനയവും

തബലകൊട്ടലും പട്ടിണിയും മിക്ക ദിവസവും. ഒട്ടേറെ നാടകങ്ങളിൽ തിളങ്ങാനായി പിന്നെ. നിരവധി അവാർഡുകളും.

നാടകത്തിലെ, മാളയുടെ പെർഫോമൻസ് കണ്ടിഷ്ടപ്പെട്ട സംവിധായകൻ പി. ചന്ദ്രകുമാറാണ് ആദ്യമായി സിനിമയിൽ വേഷം നൽകിയത്–1976ൽ പുറത്തിറങ്ങിയ 'സിന്ദൂരം'. റോൾ ഒരു ഗ്യാസ് പേഷ്യന്റിന്റേത്. സിനിമ കാണേണ്ട മാളയെന്ന ഗ്യാസ് രോഗിയുടെ പരവേശം നമുക്കൂഹിക്കാം. 'എടിയേ, ലേശം വെള്ളം.... ഗ്വേ....' മാളയുടെ മാളത്തം നമ്മുടെ ഹൃദയത്തിലുൾച്ചേർന്നിട്ടുണ്ട്.

****

മാള സർവാംഗരോഗിയാണ്. മിക്ക ദിവസവും എന്തെങ്കിലും 'ഡാമേജു'മായി ആസ്പത്രിയിലെത്തും. പിന്നൊരു ജഗപൊഗയാണ്. ഒരു ദിവസം ആസ്പത്രി ആകെ സ്തംഭിച്ചു. ഇടതു കൈയിൽ വലിയൊരു വെച്ചുകെട്ട്. തലപോയാലുള്ളത്ര വലിയ നിലവിളി. മാളയുടെ വരവാണ്. സ്ട്രെച്ചറിൽ കിടത്തി തള്ളി സിസ്റ്റർമാർ കാഷ്വാലിറ്റിയിലേക്ക് ഓടുന്നു. അവിടേക്ക് ഡോക്ടർമാർ ഓടിവന്നു. അറ്റൻഡർമാർ മാളയുടെ കാലും തലയും കുതറാതെ പിടിച്ചുവെക്കുന്നു. ഗംഭീര എമർജൻസി.

കൈയിലെ കെട്ടഴിച്ചഴിച്ചഴിച്ച് ഒടുവിൽ ശൂന്യം. ലാസ്റ്റ് കെട്ട് ഒരു വിരലിലാണ്. അതുമഴിച്ച് 'എന്തുപറ്റിയെടാ കൈയിന്' എന്ന ചോദ്യം കേട്ട് മാളയുടെ നിലവിളി നിന്നു. വിരൽ സ്വയം മടക്കി നിവർത്തി. മറ്റേ കൈയുയർത്തി,



മാള അരവിന്ദൻ


വിരൽ മടക്കി പരിശോധിച്ചു. 'ഏതു കൈക്കാ... കൈ മാറിയോന്നൊരു സംശയം...'

ആളെ സ്ഥിരപരിചയമായതുകൊണ്ട് മൂപ്പർക്ക് ശരിക്കും ആസ്പത്രിയിൽ കിടക്കേണ്ടിവന്നില്ല. മറ്റൊരവസരത്തിൽ മലം പരിശോധിക്കണമെന്ന് ഡോക്ടർ പറഞ്ഞതുകേട്ട് വീട്ടിൽപ്പോയ മാള തിരിച്ചുവരുന്നത് ഒരു മാസം കഴിഞ്ഞാണ്. കൂടെ ഒരുന്തുവണ്ടിയിൽ ഒരു ടാർവീപ്പ നിറയെ പരിശോധനാദ്രവ്യം.

(മൂന്നു മാസങ്ങൾക്കു മുമ്പ്)

****

മാള അരവിന്ദന് രണ്ടുമൂന്ന് തുറുപ്പുശീട്ടുകളുണ്ട്. ഒരു കൊമേഡിയന് പറ്റിയ ശരീരമാണ് മൂപ്പരുടേത്. കൃഷ്ണൻകുട്ടിനായർ, അടൂർഭാസി, ആലുംമൂടൻ, ഇന്ദ്രൻസ്, ഒടുവിൽ തുടങ്ങി പലർക്കും ഈ ശരീരഭാഷ പ്രയോജനപ്പെടുത്താനായിട്ടുണ്ട്. (ജഗതി ശ്രീകുമാറിന് ആദ്യകാലങ്ങളിൽ രൂപം ഗുണകരമായിരുന്നെങ്കിലും പിൽക്കാലത്ത് ഒരഭ്യാസിയുടെ മെയ്‌വഴക്കമുള്ള ശരീരം ചിരിപ്പിക്കാൻ പറ്റാത്തതായി. അതിനെ മറികടന്ന് നമ്മെ രസിപ്പിക്കാനാകുന്നുവെന്നത് ജഗതിയുടെ സുകൃതമാണ്). ഒരു ചായക്കടക്കാരനാവാൻ, നാട്ടുമ്പുറത്തെ വായനോക്കിയാവാൻ, ഭിക്ഷാംദേഹിയാവാൻ മാളയ്ക്ക് ഷർട്ടഴിച്ചാൽ മാത്രം മതി. വയർ അല്പം മുന്നോട്ടുന്തിയ, മൊത്തം കാൽഡസൻ വളവുള്ള ശരീരസൗഷ്ഠവംകൊണ്ട് ഒരു മുതലാളിയുടെ വേഷം നന്നാക്കാൻ പാടാണ്. പക്ഷേ, അതും മാള ശരിയാക്കും. ധൃതിയിൽ ശബ്ദം കൂട്ടിയും കുറച്ചും ബാസും ട്രിബിളും അഡ്ജസ്റ്റ് ചെയ്തും പെട്ടെന്ന് കുരച്ചുചാടിയും മയപ്പെടുത്തിയും



മാള അരവിന്ദൻ

നീട്ടിയും കുറുക്കിയും വെള്ളിവീഴ്ത്തിയും ചിരിച്ചും മുന്നോട്ടുനീങ്ങുന്ന മാളയുടെ സംഭാഷണശൈലിയാണ് മറ്റൊരു പ്ലസ് പോയന്റ്. മിമിക്രിക്കാരുടെ ഇഷ്ടനമ്പറാണ് ഈ മാളശൈലി. 'കൊല്ലും ഞാൻ' എന്നുറക്കെ ആക്രോശിച്ചും 'ആളുപോയോ.... പോയോന്ന്' എന്ന് പതുക്കെ രഹസ്യം ചോദിച്ചും പെട്ടെന്നുപെട്ടെന്നു മാറുന്ന സംഭാഷണശൈലി തുടങ്ങിവെച്ചത് മാള അരവിന്ദനാണ്. ഹാസ്യസൃഷ്ടിയിൽ ഇതിനുള്ള പങ്ക് ചെറുതല്ല.

'അത് പിന്നെ.... ഒരു പറ്റുപറ്റീ. അതായത് പറ്റീ. പിന്നെ... (ഉറക്കെ) കൊച്ചമ്മോ ഞാൻ പോണു. (പതുക്കെ) അല്ല പിന്നെ' തുടങ്ങിയ സംഭാഷണങ്ങൾ ഹാസ്യമയമാക്കുന്നത് മാളയുടെ തനത് ഉയർച്ച താഴ്ചകളും ശബ്ദമാറ്റവുംകൊണ്ടാണ്.

മുഖപേശീചലനങ്ങൾ ഇത്ര സൂക്ഷ്മമായി ഉപയോഗിക്കുന്ന ഹാസ്യനടന്മാർ അധികമില്ല. നിരതെറ്റിയ പല്ലുകൾ വെറുതെ കാട്ടി, മൊത്തം വൈകൃതം കൊണ്ടുമാത്രം മാളയ്ക്ക് നമ്മെ ചിരിപ്പിക്കാം. പക്ഷേ, കൺപുരികങ്ങൾ, കവിളുകൾ, ചുണ്ടുകൾ, തലമുടി തുടങ്ങിയവയെല്ലാം ചിരിപ്പിക്കാനും കരയിപ്പിക്കാനുമായി മാള പ്രയോജനപ്പെടുത്തും. ഞൊടിയിടയിൽ ഭാവം മാറ്റി നമ്മെ വിസ്മയിപ്പിക്കാൻ മാളയ്ക്കു കഴിയുന്നു.

****

'കന്മദ'ത്തിൽ മാള വേലായുധസ്വാമിയാണ്. വേൽ ആയുധമാക്കിയ മുരുകന്റെ ദാസൻ. പക്ഷേ, ഭക്തി വയറ്റുപ്പിഴപ്പാണെന്നുമാത്രം. കാഷായം ധരിച്ച് കൈയിൽ ഓട്ടുതാലവും പാമ്പിൻ രൂപവുമായി, പണിയെടുക്കാതെ സുഖിച്ചുനടക്കാം. 'ഹരഹരോ ഹരാ....' എന്നാവർത്തിക്കുകയും ചെയ്യാം. പരമസുഖം.

ചില നേരങ്ങളിൽ 'കാഷായാംബര'വേഷം, വേഷംകെട്ടായ മാള ഞെട്ടും. കൈയറിയാതെ പാമ്പിൻ രൂപത്തിൽ തട്ടിയാൽ അറിയാതെ ഞെട്ടിപ്പോകും. ശരിക്കും പാമ്പാണെന്ന മട്ടിൽ.

'ജൂനിയർ മാൻഡ്രേ'ക്കിൽ ആയുർവേദവും പ്രകൃതിചികിത്സയും ഭ്രാന്തന്മാരിൽ പ്രയോഗിക്കുന്ന വൈദ്യരാശാനാണ് മാള. ഭ്രാന്തന്മാരോടിടപെട്ട് മൂപ്പർക്കും അരക്കിറുക്കായിട്ടുണ്ട്. വലിയ ഇല്ലം. വരാന്ത. മുറ്റത്തും തൊടിയിലുമൊക്കെ യൂണിഫോമിട്ട ഭ്രാന്തന്മാർ. ഭസ്മക്കുറിയുമായി വൈദ്യർ ഉലാത്തും. ഓരോരുത്തരോടും കുശലം പറയും. ഇടയ്ക്ക് ഞെട്ടും. ചാടും, ചിരിക്കും. ചിലരെക്കണ്ട് പേടിച്ച് പിന്മാറും. അനായാസചലനങ്ങളിലൂടെയാണ് മാള ഹാസ്യമുണ്ടാക്കുന്നത്.

'മഹായാന'ത്തിൽ വായനോക്കിയായ നാട്ടിൻപുറത്തുകാരൻ കള്ളുകുടിയനാണ് മാള. 'കൾസടിച്ച്' ആടിക്കുഴഞ്ഞുവരുന്ന മാളയുടെ മുണ്ടഴിയുന്ന സീനുണ്ടതിൽ. മുണ്ട് വലിച്ചുടുക്കാൻ മൂപ്പർക്കാവുന്നില്ല. മുണ്ട് ശരീരത്തിലേക്ക് അടുപ്പിക്കുന്നതിനുപകരം ശരീരം മുണ്ടിലേക്കടുപ്പിക്കാൻ ശ്രമിച്ച് പരാജയപ്പെടുന്ന രംഗം പൊട്ടിച്ചിരിയുണർത്തും.

മാളയുടെ പോലീസ് വേഷങ്ങൾ കേമമാണ്. കൈക്കൂലിക്കാരനും ലമ്പടനും മന്ദബുദ്ധിയുമായ കോൺസ്റ്റബിളിനെ മാള അവിസ്മരണീയമാക്കിയ ഒട്ടേറെ ചിത്രങ്ങളുണ്ട്.

****

മാളയുൾപ്പെടെയുള്ള ഹാസ്യതാരങ്ങളുടെ ഏറ്റവും വലിയ പരിമിതി നല്ല സംവിധായകനില്ലെങ്കിൽ, നല്ല സ്ക്രിപ്റ്റില്ലെങ്കിൽ ഇവരെ കയറൂരിവിട്ട അനുഭവമുണ്ടാകുമെന്നതാണ്. പല ചിത്രങ്ങളിലും മാളയേയും മറ്റും അറുവഷളനായി കാണാൻ നമുക്ക് നിർഭാഗ്യമുണ്ടായിട്ടുണ്ട്. അതിനു കാരണം വേറെന്താണ്? 'ഇവിടെ മാളയുടെ ഹാസ്യകലാപ്രകടനം' എന്നുമാത്രമെഴുതിവിടുന്ന പ്രതിഭാദരിദ്രരായ തിരക്കഥാകൃത്തുക്കളുടെയും, മാള അലറണം, വീണുരുളണം, തലയിൽ കാക്ക തൂറട്ടെ, പഴത്തൊലി ചവിട്ടിവീഴട്ടെ എന്നൊക്കെ, നടന്റെ പൊട്ടൻഷ്യൽ അറിയാതെ നിർദേശം നൽകുന്ന 'തറ' സംവിധായകരുടേയും ചിത്രങ്ങളിൽനിന്ന് മാറിനിൽക്കുക, സിനിമ ഉപജീവനമാക്കിയ പാവം ഹാസ്യനടന്മാർക്ക് നടക്കുന്ന കാര്യമല്ലല്ലോ.